**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **17-09-2025 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വെട്ടിപ്പ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജ ജി. എസ്. ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് വെട്ടിപ്പ് നടക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജി. എസ്. ടി. ലംഘനങ്ങൾ പണം വാങ്ങി ഒത്തുതീർപ്പാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്ത് വ്യാജ ജി. എസ്. ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നടക്കുന്ന തട്ടിപ്പ് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | വ്യാജ രേഖകൾ ഉപയോഗിച്ച് ജി.എസ്.ടി രജിസ്ട്രേഷൻ നേടിക്കൊണ്ട് വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൈമാറ്റം ചെയ്യുന്നതായി ജി.എസ്.ടി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട് ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച് ഇൻവെസ്റ്റിഗേഷൻ നടപടികളിലൂടെ വ്യാജമായി കൈമാറ്റം ചെയ്തതായി കണ്ടെത്തുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചുപിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു.<br><br>ഇതോടൊപ്പം തന്നെ ദേശീയതലത്തിൽ നടന്നുവരുന്ന "ആന്റി ഫേക്ക് ഇൻവോയ്സ് രജിസ്ട്രേഷൻ ഡ്രൈവ്" എന്ന പദ്ധതിയിലൂടെ സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളിലൂടെയും ഇത്തരം വ്യാജ രജിസ്ട്രേഷൻ കണ്ടെത്തി മേൽ വിവരിച്ച രീതിയിലുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു.<br><br>പുതിയതായി രജിസ്ട്രേഷൻ എടുത്ത നികുതിദായകരിൽ ഇ-വേ ബിൽ മൂല്യത്തിൽ പെട്ടെന്നുണ്ടാകുന്ന വർദ്ധന കാണിക്കുന്ന ടാക്സ്പെയേഴ്സ്നെ GST പ്രൈം മൊഡ്യൂൾ വഴി തിരിച്ചറിയുകയും കൂടുതൽ സൂക്ഷ്മപരിശോധനയ്ക്കായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. നിലവിലില്ലാത്ത സ്ഥാപനങ്ങളുടെ പേരിൽ വ്യാജ ബില്ലുകൾ നിർമിച്ച് കൈമാറ്റം ചെയ്യുന്ന സ്ഥാപനങ്ങൾ എൻഫോഴ്‌സ്‌മെന്റ് വിഭാഗം കണ്ടെത്തി, ഇവയെ വ്യാജ നികുതിദായകരായി റിപ്പോർട്ട് ചെയ്യുകയും ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ